(ഡി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013-ലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമാണ് കുടുംബത്തിലെ മുതിർന്ന വനിത റേഷൻ കാർഡുടമയാകുന്നത്. സ്ത്രീ ശാക്തീകരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഇ) 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയും.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയതായി കാർഡുകൾ നൽകുന്ന പ്രക്രിയ നിർത്തിവച്ച് മാതൃമേ കാർഡുകൾ പുതുക്കി നൽകുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാൽത്തന്നെയും അത്യാവശ്യഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

(ജി) പുതിയ കാർഡ് നിലവിൽ വരുന്നതുവരെ നിലവിലെ കാർഡ് ഉപയോഗിക്കുവാൻ കഴിയും. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക കാർഡും നൽകുന്നതാണ്.

സപ്ലൈകോയ്ക്ക് അനുവദിച്ച തുക

226 (1270) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം തടയുന്നതിനായി പൊതുമാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത് ; തുക മുഴുവൻ ലഭ്യമായിട്ടുണ്ടോ ;

(ബി) കൂടുതൽ തുക അനുവദിക്കണമെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ എന്ത് തുകയാണ് ആവശ്യപ്പെട്ടതെന്നും നൽകിയിട്ടുള്ളത് എത്രയെന്നും വ്യക്തമാക്കാമോ ;

(സി) സർക്കാർ കടിശ്ശികയായി സപ്ലൈകോയ്ക്ക് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം നൽകാനുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 65 കോടി രൂപയും അധികമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 70 കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200 കോടി രൂപ അധികമായി അനുവദിക്കണമെന്നാണ് സപ്ലൈകോ ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) 2008-09 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള മാർക്കറ്റ് ഇടപെടൽ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കിറ്റ്, സ്പെഷ്യൽ പഞ്ചസാരയുടെ വിതരണം എന്നിവയ്ക്ക് സബ്സിഡിയിനത്തിൽ സർക്കാർ സഹായത്തിനുപുറമേ സപ്ലൈകോ ചെലവ് ചെയ്ത തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

No.	Year	Amount Due from Govt. (₹. In Crores)
1	2008-09	31.22
2	2009-10	123.33
3	2010-11	42.50
4	2011-12	46.61
5	2012-13	153.55
6	2013-14	204.07
7	2014-15 (upto December)	160.46
	Total	761.74

സപ്ലൈകോയ്ക്ക് സർക്കാരിൽനിന്നും 2013-14 KMS മുതൽ 10-3-2015 വരെ നെല്ല് സംഭരണം ഇനത്തിൽ 233.86 കോടി രൂപ നൽകാനുണ്ട്.

നെൽകൃഷിക്കാർക്ക് നൽകാനുള്ള കുടിശ്ശിക

227 (1271) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്നും എത്ര ടൺ നെല്ലാണ് ശേഖരിച്ചത് എന്ന് വ്യക്തമാക്കാമോ; മുൻകാലത്തെ അപേക്ഷിച്ച് നെല്ല് സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) എന്ത് വിലയ്ക്കാണ് ഇപ്പോൾ നെല്ല് സംഭരിക്കുന്നത് ;

(സി) നെല്ലിന്റെ വില ഇനത്തിൽ കൃഷിക്കാർക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ തുകയെത്ര ; വിശദമാക്കാമോ ;

(ഡി) എത്ര കാലം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ 1.43 മെ.ടൺ നെല്ല് സംഭരിച്ചു. കഴിഞ്ഞ വർഷം 2013-14 ഒന്നാം സീസണിൽ 1.35 മെ.ടൺ നെല്ലാണ് സംഭരിച്ചത്. അതായത് ഏകദേശം 5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2014-15 രണ്ടാം സീസണിൽ നെല്ലെടുപ്പ് പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly